**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1019** **06-10-2021 - ൽ മറുപടിയ്ക്ക്**

**വർക്കല മണ്ഡലത്തിലെ കുടിവെള്ള പദ്ധതികളുടെ ടെണ്ടർ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ വി ജോയി | | **Shri Roshy Augustine**<br>**(ജലവിഭവ വകുപ്പ് മന്ത്രി)** | |
| (എ) | വർക്കല മണ്ഡലത്തിലെ ഇടവ പഞ്ചായത്തിലെ കോട്ടെപ്പാണി കുടിവെള്ള പദ്ധതി, ഇലകമൺ പഞ്ചായത്തിലെ പള്ളിത്തൊടി കുടിവെള്ള പദ്ധതി എന്നിവയുടെ ടെണ്ടർ നടപടികൾ വിശദമാക്കാമോ; | (എ) | വർക്കല മണ്ഡലത്തിലെ ഇടവ പഞ്ചായത്തിലെ കോട്ടെപ്പാണി കുടിവെള്ള പദ്ധതി, ഇലകമൺ പഞ്ചായത്തിലെ പള്ളിത്തൊടി കുടിവെള്ള പദ്ധതി എന്നിവയ്ക്ക് ജലജീവൻ മിഷനിൽ ഉൾപ്പെടുത്തി ഭരണാനുമതി നൽകുകയും ടെൻഡർ ചെയ്യുകയും ചെയ്തു.എന്നാൽ ആരും തന്നെ ക്വോട്ട് ചെയ്തില്ല. പൈപ്പുകളുടെ നിരക്ക് പുതുക്കൽ സംബന്ധിച്ച് സർക്കാർ ഉത്തരവ് പുറത്തിറങ്ങിയതിന് ശേഷം ഇവ വീണ്ടും ടെൻഡർ ചെയ്യുന്നതാണ്. |
| (ബി) | ടെണ്ടറുകൾ ക്വോട്ട് ചെയ്യുവാൻ കരാറുകാർ തയ്യാറാകാത്ത സാഹചര്യമുണ്ടെങ്കിൽ എസ്റ്റിമേറ്റ് പ്രൊഡക്ഷൻ, ഡിസ്ട്രിബ്യൂഷൻ എന്നിവ പ്രത്യേകം ഇ-ടെണ്ടർ ചെയ്യുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ? | (ബി) | ഈ രണ്ട് ടെൻഡറുകൾ ആരും ക്വോട്ട് ചെയ്യാത്ത സാഹചര്യത്തിൽ പ്രൊഡക്ഷൻ, ഡിസ്ട്രിബ്യൂഷൻ എന്നിവ രണ്ടായി പ്രത്യേകം പ്രത്യേകം ടെൻഡർ ചെയ്യുവാൻ തീരുമാനിച്ചിരുന്നു.എന്നാൽ ആവശ്യമായ വഴി സൗകര്യം പരിമിതമായതിനാൽ ഉത്പാദന ഘടകങ്ങളുടെ പ്രവൃത്തി നടത്തുന്നതിന് കരാറുകാർ തയ്യാറാകാത്ത സാഹചര്യമുണ്ട്. ആയതിനാൽ പ്രൊഡക്ഷൻ, ഡിസ്ട്രിബ്യൂഷൻ എന്നിവ ഒരുമിച്ച് ടെൻഡർ ചെയ്യുന്നതാണ് അഭികാമ്യമെന്ന് വിലയിരുത്തിയിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ വീണ്ടും ടെൻഡർ ചെയ്യുന്നതാണ്. |

സെക്ഷൻ ഓഫീസർ